## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1552 — 21.3.2012-ൽ മറുപടിയ്ക്ക്

### ജാതിക്കർഷകരും കപ്പക്കർഷകരും നേരിടുന്ന ബുദ്ധിമുട്ടുകൾ

| *ചോദ്യം* | *മറുപടി* |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ: | **ശ്രീ . കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| അങ്കമാലി നിയോജകമണ്ഡലത്തിലെ ജാതിക്കർഷകർ വിളനാശം മൂലവും, കപ്പക്കർഷകർ കപ്പയുടെ വിലയിടിവു കാരണത്താലും നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | അങ്കമാലി നിയോജകമണ്ഡലത്തിലെ ജാതി കർഷകർ , വർഷക്കാലത്ത് ജാതി കൃഷിയെ ബാധിച്ച ഇല പൊഴിച്ചിൽ, ജാതിക്ക പൊഴിച്ചിൽ തുടങ്ങിയ രോഗങ്ങൾ മൂലം നഷ്ടം നേരിടുകയുണ്ടായി. ഈ രോഗത്തിന് ഫലപ്രദമായ മരുന്ന് പ്രയോഗം നടത്തേണ്ടതിന്റെ ആവശ്യകതയും രോഗനിവാരണത്തിന് സ്വീകരിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം എന്നതിനെയും കുറിച്ച് അഗ്രികൾച്ചർ യൂണിവേഴ്സിറ്റി മണ്ണുത്തിയിൽ നിന്നും വന്ന് പരിശോധന നടത്തിയ വിദഗ്ധന്മാർ നൽകിയ വിവരം കർഷകരെ പത്ര മാധ്യമങ്ങളിൽ കൂടിയും ലഘുലേഖ വഴിയും അറിയിച്ചിട്ടുണ്ട്. കൂടാതെ എസ്.എച്ച്.എം. ആത്മ എന്നീ പദ്ധതികളുടെ സഹായത്തോടെ |

ബോധവൽക്കരണ കാർഷിക സെമിനാർ നടത്തി.

പ്രകൃതി ക്ഷോഭം മൂലം വിളകൾ നശിച്ചതിന് 2010-11 സാമ്പത്തിക വർഷത്തിൽ 533 ജാതിക്ക (മരം) 53150 രൂപ, 2011-12 സാമ്പത്തിക വർഷത്തിൽ 234 ജാതിക്ക (മരം) 23650 രൂപ, എന്ന രീതിയിൽ അങ്കമാലി നിയോജക മണ്ഡലത്തിലെ കർഷകർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖാന്തിരം ജാതിയുടെ വിളവിസ്തൃതി വർദ്ധിപ്പിക്കുന്നതിന് ഹെക്ടറൊന്നിന് മൊത്തം ചെലവ് വരുന്ന 40,000 രൂപയുടെ 50 ശതമാനമായ 20,000 രൂപ ധനസഹായം നൽകിവരുന്നു. കൂടാതെ വിള സംരക്ഷണ ഉപാധികൾ വാങ്ങുന്നതിന് 17,500 രൂപ വരെ ധനസഹായമായി നൽകി വരുന്നു.

കപ്പയിൽ നിന്നും ഉണ്ടാക്കാവുന്ന മൂല്യവർദ്ധിത ഭക്ഷ്യ ഉത്പന്നങ്ങളെപ്പറ്റിയുള്ള ബോധവൽക്കരണം നൽകുന്നതിനുള്ള പരിശീലന പരിപാടികൾ ശ്രീകാര്യത്തുള്ള കിഴങ്ങുവർഗ്ഗ ഗവേഷണ സ്ഥാപനത്തിൽ നടപ്പിലാക്കി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ